# സ്കൂൾ വികസന പദ്ധതി 2025-2026

## മുട്ടം എൽ.പി.എസ്

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : മുട്ടം എൽ.പി.എസ്. |
| മേൽവിലാസം | : മുട്ടം.പി.ഒ. ഹരിപ്പാട് |
| ഫോൺ | : 9895619515 |
| സ്കൂൾകോഡ് | : 35422. |
| വിദ്യാഭ്യാസ ഉപജില്ല | : ഹരിപ്പാട് |
| വിദ്യാഭ്യാസ ജില്ല | : ആലപ്പുഴ |
| റവന്യൂ ജില്ല | : ആലപ്പുഴ. |
| ബി.ആർ.സി | : ഹരിപ്പാട് |
| സി.ആർ.സി | : ചേപ്പാട് |
| ഗ്രാമപഞ്ചായത്ത് | : ചേപ്പാട് |
| ബ്ലോക്ക് പഞ്ചായത്ത് | : മുതുകുളം |
| ജില്ലാപഞ്ചായത്ത് | : ആലപ്പുഴ |
| നിയമസഭാമണ്ഡലം | : ഹരിപ്പാട് |
| ലോക്സഭാമണ്ഡലം | : ഹരിപ്പാട് |
| താലൂക്ക് | : കാർത്തികപ്പള്ളി. |
| വില്ലേജ് | : ചേപ്പാട്. |
| ഇ-മെയിൽ | : 35422haripad@gmail.com. |

# ആമുഖം.

## ചരിത്രം.

വിദ്യകൊണ്ട് സ്വതന്ത്രരാവുക എന്ന് ശ്രീനാരായണ ഗുരു ആഹ്വാനം ചെയ്യുന്നതിന് മുൻപ് 1893-ൽ തോപ്പിൽ കൃഷ്ണൻ ചാന്നാർ നാട്ടുകാർക്കായി സ്ഥാപിച്ചതാണ് മുട്ടം. എൽ. പി. സ്കൂൾ. ഇന്നും ഈ സ്കൂളിന്റെ മാനേജ്മെന്റ് ആലുംമൂട്ടിൽ ക്ഷേത്ര സഭയ്ക്കാണ്. ജാതിയ്ക്കുള്ളിൽ ജാതിയും മതത്തിനുള്ളിൽ മതവും കൂണുപോലെ മുളച്ചു പൊന്തിയ കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ ഈഴവരാദി പിന്നോക്കക്കാർ അനുഭവിച്ചു വന്ന അസ്വാതന്ത്ര്യത്തിനും, അടിമത്തത്തിനും അറുതിവരുത്താൻ ചരിത്രത്തിന് മുൻപേ നടന്ന ഉത്പതിഷ്ണുക്കളായിരുന്നു ആലുംമൂട്ടിൽക്കാർ. വിദ്യകൊണ്ട് സ്വതന്ത്രരാവുക എന്ന ഗുരു വചനങ്ങൾക്ക് മുമ്പേ അക്ഷരപ്പെരുമഴയുടെ ശ്രീകോവിൽ തുറന്നുകൊടുത്തു മുട്ടം. എൽ. പി. സ്കൂളും വിജ്ഞാനവികാസിനി ഗ്രന്ഥശാലയും സ്ഥാപിച്ചു. അവർണ്ണർക്ക് അക്ഷരം നിഷേധിച്ച് അധമ ചിന്താഗതിക്കാരെ വെല്ലുവിളിച്ചുകൊണ്ടാണ് തോപ്പിൽ കൃഷ്ണൻ ചാന്നാർ 1893-ൽ നാട്ടുകാർക്കായി മുട്ടം.എൽ. പി. സ്കൂൾ സ്ഥാപിച്ചു.

എസ്. എൻ. ഡി. പി. യോഗം സംഘടനാ സെക്രട്ടറി, വൈക്കം സത്യാഗ്രഹ നായകൻ, സ്വാതന്ത്ര്യ സമര സേനാനി, അയിത്തോച്ചാടന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്, പൗരസമത്വ വാദ പ്രക്ഷോഭ നായകൻ, നാട്ടുകാരുടെ

ടി.കെ. മാധവമെമ്മോറിയൽ കോളേജിന്റെ സ്ഥാപകൻ എന്നീ നിലകളിൽ ജ്വലിച്ചു നിന്നിരുന്ന ദേശാഭിമാനി ടി.കെ. മാധവൻ, ഡോ. ഋട്ടന്നു-കുമാരൻ, സ്വാതന്ത്ര്യസമരസേനാനിയും, എഴുത്തുകാരനുമായ എ.പി. ഉദയഭാനു, മുട്ടം സുധ എന്ന തൂലികാനാമത്തിലറിയപ്പെടുന്ന സാഹിത്യകാരനും റിട്ട: ഹൈക്കോടതി ജഡ്ജിയുമായിരുന്ന സുധാകരൻ, യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പറായിരുന്ന ടുക്കൈപ്പട ജില്ലാ പഞ്ചായത്ത് പ്രതിപക്ഷനേതാവ് ശ്രീ. ജോൺ തോമസ്, എസ്.എൻ.ഡി.പി. ചേപ്പാട് യൂണിയൻ പ്രസിഡന്റ് ശ്രീ. എസ്. സലിംകുമാർ, പ്രൊഫ. മാത്യു എന്നീ പ്രമുഖർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായിരുന്നു. 132 കൊല്ലത്തെ പാരമ്പര്യമുണ്ട് ഈ സ്കൂളിന്.

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

(1) എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

(2) എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

(3) കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4) സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക

5) ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6) ഭാഷാവികാസത്തിന് ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

## ഇംഗ്ലീഷ്

1) ഇംഗ്ലീഷിൽ ആശയവിനിമയം ആത്മവിശ്വാസത്തോടെ നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4) സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5) ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ട്ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

6) ക്ലാസ്സ് ലൈബ്രറിയിൽ ഉപലഭ്യമാക്കിച്ച് പുസ്തകങ്ങൾ സജ്ജീകരിക്കുക.

7) ഹലോഗമിച്ച് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കാനായി അദ്ധ്യാപകരുടെ സഹായത്തോടെ നിർമ്മാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസരപഠനം.

1) ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2) ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

3) ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

4) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം.

1) സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

2) ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

3) ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം.

1) അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2) ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3) ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4) ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5) ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

1) വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2) അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3) കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം.

1) നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2) പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3) ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക

## കലാപരിശീലനം.

1) കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2) കലാഭിരുചി വളർത്തുക.
3) ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4) ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5) ഓരോ കുട്ടിയും ഒന്നാമനാണെന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യകായിക വിദ്യാഭ്യാസം.

1) മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഒരേ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2) എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

3) ആരോഗ്യ ശീലങ്ങൾ വളർത്തുക.

4) ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് ഉല്പാകരുതികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

5) ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## പൊതുലക്ഷ്യങ്ങൾ :

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതുവാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചികൾ, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമയ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

* ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

* ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ നൽകും.

* 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറും.

* ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാം. അച്ചടക്കബോധം ഉളവാക്കി 'മാതൃകാ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കാം.

* ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
* മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം, ഉറവിട സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, ഇടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
* കൃഷി, ആരോഗ്യശീലം, ഉദ്യാനം, എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
* പോക്സോ നിയമത്തെ കുറിച്ച് ബോധവൽക്കരണം.
* ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

## വിദ്യാലയം പൊതുവിശകലനം

1893-ൽ സ്ഥാപിതമായ സ്കൂളാണ്. പിന്നോക്ക വിഭാഗത്തിൽപെട്ട കുട്ടികളാണ് ഇവിടെ കൂടുതൽ പഠിക്കുന്നത്. ദളിത സമുദായത്തിൽപെട്ടവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വിദ്യാഭ്യാസം കിട്ടാൻ ലക്ഷ്യമാക്കി തുടങ്ങിയ സ്ഥാപനമാണിത്.

ഇവിടെ കുട്ടികൾ കൂടുതൽ വരുന്നത് സമീപത്തുള്ള വെൽഫെയറിൽ നിന്നും അംഗൻവാടിയിൽ നിന്നുമാണ്.

1. നിലവിലുള്ള അവസ്ഥ. (ജി)

| | | |
|---|---|---|
| കുട്ടികളുടെ എണ്ണം | – | |
| അദ്ധ്യാപകരുടെ എണ്ണം | – | 5 |
| ദിവസവേതന വ്യവസ്ഥ | – | 2. |
| ക്ലാസ്മുറികളുടെ എണ്ണം | – | 5 |
| കഞ്ഞിപ്പുര | – | 1 |
| മൂത്രപ്പുര | – | 1 |
| കക്കൂസ് | – | 1 |
| കുടിവെള്ള സൗകര്യം | – | കിണർ |

## വിദ്യാലയം ചരിത്രവിശകലനം.

1893-ൽ സ്ഥാപിതമായ സ്കൂളാണ്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികളാണ് ഇവിടെ കൂടുതൽ പഠിക്കുന്നത്. എല്ലാ സമുദായത്തിൽപ്പെട്ടവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വിദ്യാഭ്യാസം കിട്ടാൻ ഉദ്ദേശമാക്കി തുടങ്ങിയ സ്ഥാപനമാണിത്. ഇവിടെ കുട്ടികൾ കൂടുതൽ എത്തുന്നത് സമീപത്തുള്ള വെൽകെയറിൽ നിന്നും അംഗൻവാടികളിൽ നിന്നുമാണ്.

### 1. നിലവിലുള്ള അവസ്ഥ. (ഭൗ).

| | |
|---|---|
| കുട്ടികളുടെ എണ്ണം | – 31 |
| അധ്യാപകരുടെ എണ്ണം | – 4 |
| ദിവസ വേതനവ്യവസ്ഥ | – 2 |
| ക്ലാസ്സ്മുറികളുടെ എണ്ണം | – 5 |
| കഞ്ഞിപ്പുര | – 1 |
| മൂത്രപ്പുര | – 1 |
| കക്കൂസ് | – 1 |
| കുടിവെള്ള സൗകര്യം | – കിണർ. |

# 2. ഇനി ആവശ്യമുള്ളത്.

കസേര - 10

മാസ്ക് - 4

വൈറ്റ്ബോർഡ് - 5

സി. ഡബ്ല്യു. എസ്. എൻ. ടോയ്‌ലറ്റ് - 1

## നിലവിലെ അവസ്ഥ.

2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം.

| വിഭാഗം | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G. |
| കുട്ടികളുടെ എണ്ണം. | 3 | 6 | 1 | 6 | 6 | 3 | 2 | 4 |
| ആകെ. | 3 | 6 | 1 | 6 | 6 | 3 | 2 | 4 |

2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം.

| വിഭാഗം. | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| ജനറൽ (ഒബിസി ഉൾപ്പെടെ) | | 6 | 1 | 1 (General) 5(OBC) | 1(General) 5 (OBC) | 3 | | 2 |
| എസ്. സി. | 1 | - | | | | | 2 | 2 |
| എസ്. ടി. | - | - | - | - | - | - | - | - |
| ആകെ. | 7 | | 7 | | 9 | | 6 | |

## 2024-25

| വിഭാഗം | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G. |
| മുസ്ലീം. | - | - | - | 2 | 2 | 2 | - | 1 |
| ബി.പി.എൽ. (ജനറൽ.ഒ.ബി.സി CWSN.) | 7 | | 8 | | 9 | | 6 | |

അദ്ധ്യാപികമാരുടെ എണ്ണം : 4.
അനുവദനീയം - 1 (ഡി) :
അദ്ധ്യാപകർ - നിലവിലെ അവസ്ഥ.

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം. | സ്ഥിരം അദ്ധ്യാപകർ | താല്ക്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഒരേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം. |
|---|---|---|---|---|
| എൽ.പി. സ്കൂൾ. | 4 | 2. | 2. | 2. |

* വെക്കേഷൻ ട്രെയിനിംഗ്, യോഗക്ലാസ്സ്, ഐ.ഇ.ഡി. ട്രെയിനിംഗ്, ഐ.ടി. ട്രെയിനിംഗ്, ക്ലാസ്സ് തുടങ്ങിയവയിൽ ഉത്തരവാദിത്വത്തോടെ പങ്കെടുത്തി.

* മഴവില്ല്, മിന്നാമിന്നി, വർക്ക് ഷീറ്റുകൾ എന്നിവ ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചു. കുട്ടികളെ നന്നായി ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കി.

* സ്റ്റാൻഡേർഡ് 3-ൽ ഫോം പ്രവർത്തനങ്ങളുടെ ബാഹുല്യം കുറയ്ക്കണം.

* സ്റ്റാൻഡേർഡ് 4 ൽ ഗണിത മൂല്യനിർണ്ണയ പ്രവർ-ത്തനങ്ങൾ ലളിതവത്കരിക്കുന്ന.

* ദേശീയ നാളികേര വികസന ബോർഡും അക്ഷര പുസ്തക സഹായനിധിയും ചേർന്ന് നടത്തിയ അദ്ധ്യാപകരുടെ കഥാരചന മത്സരത്തിൽ സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം ഈ സ്കൂളിലെ ശ്രീമതി. സുജാ.സി. ഉണ്ണിക്കർ കരസ്ഥമാക്കിയിട്ടുണ്ട്.

* ഈ സ്കൂളിലെ അദ്ധ്യാപികയായ സുജാ.സി. ഉണ്ണിക്കർ എഴുതി പ്രകാശനം ചെയ്ത പുസ്തകമാണ് 'കനലാഴി.'

ക്ലാസ്സ്മുറികളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യത ഇനി ആവശ്യമുള്ളത്.

അനുബന്ധം . 2. (ബി.)

വിദ്യാലയത്തിലെ ഭൗതികസാഹചര്യം - നിലവിലെ അവസ്ഥ.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| അഡീഷണൽ ക്ലാസ്സ്മുറി. | 5 | 1 |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ്. | 1 | 1 |
| പെൺകുട്ടികൾക്കുള്ള പ്രത്യേക ടോയ്‌ലറ്റ്. | 1 | 1 |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം. | കിണർ | ടാപ്പുകൾ |
| പ്രത്യേക അധ്യാപകമുറി. | 1 | 1 |
| ചുറ്റുമതിൽ / ജൈവവേലി മറ്റുവേലികൾ. | ചുറ്റുമതിൽ | |
| കളിസ്ഥലം | – | ആവശ്യമുണ്ട്. |
| ക്ലാസ്മുറിയിൽ നാല് വീതം ഫാൻ ലൈറ്റിൽ | – | ആവശ്യമുണ്ട്. |
| അടുക്കള | ഉണ്ട് | – |
| ഫോൺ . പി . ലൈനിൽ | | |

അനുബന്ധം - 2 (സി)

വിദ്യാലയങ്ങളിലെ ഐ.ടി. അനുബന്ധ സാമഗ്രികളുടെ അവസ്ഥ.

| വിഭാഗം. | നിലവിലുള്ളത്. | ഇനിയും - ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ - ഡെസ്ക്ടോപ്പ്. | Nil | ആവശ്യമുണ്ട്. |
| ലാപ്ടോപ്പ്. | 1 | 3 |
| പ്രൊജക്ടർ - എൽ. സി.ഡി. | 1 | – |
| റേഡിയോ | Nil | 1 |
| ടി.വി | – | 1 |
| വിക്ടർ ചാനലിന്റെ ലഭ്യത | ഇല്ല. | – |
| ഡി.വി.ഡി. പ്ലെയർ | ഇല്ല. | 1. |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട്. | – |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ്. | ഉണ്ട്. | – |
| ബ്ലോഗ് | – | – |
| ഇ-മെയിൽ ഐഡി. | ഉണ്ട്. | – |
| സ്മാർട്ട് ക്ലാസ്സ് റൂം. | ഇല്ല. | – |
| ഇന്ററാക്ടീവ് വൈറ്റ്ബോർഡ് | ഇല്ല. | |
| അദ്ധ്യാപകർ | 5. | |

അദ്ധ്യാപകർ.

വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലെ അവസ്ഥ.

| വിഭാഗം | നിലവിലെ അവസ്ഥ. |
|---|---|
| സ്റ്റാഫ് കൗൺസിൽ | ഉണ്ട്. |
| എസ്.ആർ.ജി. | ഉണ്ട്. |
| പി.ടി.എ. | ഉണ്ട്. |
| എം.പി.ടി.എ. | ഉണ്ട്. |
| എസ്.എം.സി. | ഉണ്ട്. |
| സ്കൂൾ വികസന സമിതി. | ഉണ്ട്. |
| ജാഗ്രതാ സമിതി. | ഉണ്ട്. |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | ഉണ്ട്. |
| ഗണിതക്ലബ്ബ് | ഉണ്ട്. |
| സാമൂഹിക ശാസ്ത്രക്ലബ്ബ് | ഉണ്ട്. |
| ലൈബ്രറി | ഉണ്ട്. |
| ലാബ് പ്രവർത്തനങ്ങൾ | ഇല്ല. |
| കമ്പ്യൂട്ടർ ലാബ് | ഇല്ല. |
| സയൻസ്. | ഇല്ല. |
| സാമൂഹിക ശാസ്ത്രലാബ് | ഇല്ല. |
| ഗണിതലാബ്. | ഇല്ല. |
| ലാംഗ്വേജ് ലാബ്. | ഇല്ല. |
| മറ്റുള്ളവ | |
| സാമൂഹിക പങ്കാളിത്തം. | |

അനുബന്ധം - 1 (സി)

അനുബന്ധം - 2 (സി)

അനുബന്ധം - 2. (ഡി)

അനുബന്ധം - 2.

## സാമൂഹിക പങ്കാളിത്തം - നിലവിലെ അവസ്ഥ.

കഴിഞ്ഞ വർഷം സാമൂഹിക പങ്കാളിത്തം കൊണ്ട് നടന്ന പ്രവർത്തനങ്ങളിൽ സൗജന്യ പഠനോപകരണങ്ങൾ, കുട്ടികൾക്ക് ലഭ്യമാക്കി. ഉച്ചഭക്ഷണ പരിപാടി വിപുലീകരിക്കാൻ വേണ്ട സഹായങ്ങൾ എല്ലാ ക്ലാസ്സിലും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ട്രോഫികൾ എന്നിവ സാമൂഹിക പങ്കാളിത്തത്തോടെ ലഭ്യമാക്കി. മുട്ടം - ശ്രീരാമകൃഷ്ണാശ്രമത്തിൽ നിന്നും കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. പരിസ്ഥിതി ദിനം, വായനാദിനം, സ്വാതന്ത്ര്യദിനം, എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെ വിജയകരമാക്കാൻ കഴിഞ്ഞു. വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സമൂഹത്തിന്റെ കാഴ്ചപ്പാട്, പഠനപ്രവർത്തനങ്ങളെക്കുറിച്ച് സമൂഹത്തിന് നല്ല അഭിപ്രായമാണ്.

പി.ടി.എ, എം.പി.ടി.എ എന്നിവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. എസ്.എസ്.ജി, സ്കൂൾ വികസന സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ തൃപ്തികരം. മാനേജ്മെന്റിന്റെ സഹായത്തോടെ സ്കൂളിൽ എല്ലാ കുട്ടിക്കും മേശയും കസേരയും ലഭ്യമാക്കി.

# പ്രവർത്തന കലണ്ടർ 2025-26. ജൂൺ

| തീയതി | ദിനത്തിന്റെ പ്രത്യേകത | സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ. |
|---|---|---|
| 31/05/25 | SRG | |
| 02/06/25 | പ്രവേശനോത്സവം. | നവാഗതരെ സ്വീകരിക്കൽ. പ്രവേശനോത്സവ റാലി. കലാപരിപാടികൾ. |
| 02/06/25 | പി.ടി.എ. കമ്മറ്റി. | രൂപീകരണം. |
| 05/06/25 | ലോകപരിസ്ഥിതിദിനം. | സന്ദേശം ക്വിസ്. ചിത്രരചന. വൃക്ഷത്തൈ നടൽ. |
| 12/06/25 | ബാലവേല വിരുദ്ധദിനം. | ബോധവൽക്കരണ പരിപാടികൾ. |
| 19/06/25 | വായനദിനം. വായന വാരാഘോഷം. | പുസ്തക പരിചയം. സാഹിത്യ ക്വിസ്. ലൈബ്രറി പുസ്തക വിതരണം. |
| 21/06/25 | യോഗ ദിനം. | യോഗ പരിശീലനം. |
| 26/06/25 | ലഹരിവിരുദ്ധദിനം. | ബോധവൽക്കരണ ക്ലാസുകൾ. ലഹരിവിരുദ്ധ ചങ്ങല റാലി. |
| 27/06/25 | SRG. | |

# ജൂലൈ.

| തീയതി | ദിവസത്തിന്റെ പ്രത്യേകത | സ്കൂളിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ |
|---|---|---|
| 01/07/25 | ഡോക്ടേഴ്സ് ദിനം | |
| 02/07/25 | SRG. | |
| 05/7/25 | ബഷീർ ദിനം | ബഷീർ ദിനക്വിസ്, കുട്ടികളുടെ കലാപരിപാടികൾ |
| 11/07/25 | ലോക ജനസംഖ്യാദിനം. | |
| 12/07/25 | മലാല ദിനം. | വീഡിയോ പ്രദർശനം |
| 15/07/25 | SRG. | |
| 16/07/25 | ദേശീയ സ്കൂൾ സുരക്ഷാദിനം. | സ്കൂൾ സുരക്ഷയെക്കുറിച്ചുള്ള ക്ലാസ്സ്. |
| 21/07/25 | ചാന്ദ്രദിനം. | വാനനിരീക്ഷണം, ടെലസ്കോപ്പ് ഉപയോഗിച്ച് കുട്ടികൾക്ക് ആകാശം കാണിക്കൽ. |
| 23/07/25 | ദേശീയ പ്രക്ഷേപണ ദിനം. | |
| 25/07/25 | SRG. | |
| 26/07/25 | കാർഗിൽ വിജയദിനം. | കാർഗിൽ ദി: ചർച്ച |
| 27/07/25 | Dr. A.P.J. അബ്ദുൽകലാം ഓർമ്മ ദിനം. | വീഡിയോ പ്രദർശനം. |
| 28/7/25 | ലോകപ്രകൃതി സംരക്ഷണദിനം. | തൈവച്ചു പിടിപ്പിക്കൽ പോസ്റ്റർ തയ്യാറാക്കൽ. |
| 30/7/25 | അന്താരാഷ്ട്ര സൗഹൃദ ദിനം. | |
| 31/7/25 | കാർട്ടൂണിസ്റ്റ് ശങ്കർ ഓർമദിനം | വീഡിയോ (കാർട്ടൂൺ) പ്രദർശനം. |

# ആഗസ്റ്റ്

| തീയതി | ദിവസത്തിന്റെ പ്രത്യേകത | സ്കൂളിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ |
|---|---|---|
| 04/08/25 | SRG. | |
| 06/08/25 | ഹിരോഷിമ ദിനം. | വീഡിയോ പ്രദർശനം, പോസ്റ്റർ |
| 07/08/25 | ടാഗോർ ഓർമ്മദിനം. | |
| 09/08/25 | ക്വിറ്റ് ഇന്ത്യാദിനം. | ക്വിറ്റ് ഇന്ത്യാദിനം പതിപ്പ് പോസ്റ്റർ, പ്ലക്കാർഡ് |
| 09/08/25 | നാഗസാക്കി ദിനം. | |
| 12/08/25 | ലോകയുവജന ദിനം. | |
| 13/08/25 | ലോകഅവയവദാന ദിനം. | |
| 13/08/25 | SRG | |
| 15/08/25 | സ്വാതന്ത്ര്യദിനം. | സ്വാതന്ത്ര്യദിന റാലി, പോസ്റ്റർ |
| 17/08/25 | കർഷകദിനം. | |
| 19/08/25 | ഛായാഗ്രഹണ ദിനം. | |
| [illegible] | [illegible] | |
| [illegible] | [illegible] ദിനം. | |
| 29/08/25 | ദേശീയ കായിക ദിനം. | |

# സെപ്തംബർ

| തീയതി | ദിവസത്തിന്റെ പ്രത്യേകത. | സ്കൂളിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ. |
|---|---|---|
| 02/09/25 | SRG. | |
| | | |
| 05/09/25 | ദേശീയ അധ്യാപക ദിനം. | കുട്ടികളുടെ വിവിധ കലാപരിപാടികൾ അധ്യാപകരെ ആദരിക്കൽ |
| 08/09/25 | ലോക സാക്ഷരതാ ദിനം. | അതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസ്. |
| 14/09/25 | ദേശീയ ഹിന്ദി ദിനം. | ഹിന്ദി ഭാഷയുടെ പ്രാധാന്യത്തെ കുറിച്ച് കുട്ടികൾക്ക് ക്ലാസ് വീഡിയോ പ്രദർശനം, |
| 16/09/25 | ഓസോൺ ദിനം. | |
| | | |
| 21/09/25 | ലോക അൽഷിമേഴ്സ് ദിനം | |
| 21/09/25 | ലോക സമാധാന ദിനം. | |
| 27/09/25 | ലോക വിനോദസഞ്ചാര ദിനം | വിനോദസഞ്ചാരകേന്ദ്രങ്ങളെ കുറിച്ചുള്ള വീഡിയോ പ്രദർശനം |
| 29/09/25 | SRG. | |
| 28/09/25 | ലോക ഹൃദയ ദിനം. | ഹൃദയാരോഗ്യത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് |

# ഒക്ടോബർ.

| തീയതി | ദിവസത്തിന്റെ പ്രത്യേകത. | സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ. |
|---|---|---|
| 1/10/25 | ലോകവയോജന ദിനം. | വയോജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ക്ലാസ് |
| 2/10/25 | ഗാന്ധിജയന്തി, അന്താരാഷ്ട്ര അഹിംസ ദിനം. | ക്വിസ്, പോസ്റ്റർ നിർമ്മാണം |
| 5/10/25 | അന്താരാഷ്ട്ര അധ്യാപക ദിനം | " |
| 8/10/25 | വ്യോമസേനാ ദിനം. | വീഡിയോ പ്രദർശനം. |
| 09/10/25 | ലോക തപാൽ ദിനം. | പോസ്റ്റൽ സ്റ്റാമ്പുകളുടെ പ്രദർശനം, |
| 10/10/25 | ദേശീയ തപാൽ ദിനം. | " |
| 10/10/25 | SRG. | |
| 10/10/25 | ദേശീയ മാനസികാരോഗ്യ ദിനം. | |
| 13/10/25 | സംസ്ഥാന കായിക ദിനം. | കായികമത്സരങ്ങൾ, |
| 15/10/25 | ലോക വിദ്യാർത്ഥി ദിനം. | വിദ്യാർത്ഥികളുടെ കടമകളെ മൂല്യങ്ങളെക്കുറിച്ചുള്ള ക്ലാസ്. |
| 15/10/25 | ലോക കൈകഴുകൽ ദിനം. | വീഡിയോ പ്രദർശനം, പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസ്. |
| 16/10/25 | ലോകഭക്ഷ്യദിനം. | ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള ക്ലാസ് ഭക്ഷണം പാഴാക്കുന്നതിനെക്കുറിച്ചുള്ള ബോധവൽക്കരണം |
| 24/10/25 | ഐക്യരാഷ്ട്ര ദിനം. | |
| 24/10/25 | SRG. | |

# നവംബർ

| തീയതി | ദിവസത്തിന്റെ പ്രത്യേകത | സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ |
|---|---|---|
| 1/11/25 | കേരളപ്പിറവി | ക്വിസ്, കുട്ടികളുടെ കലാപരിപാടികൾ, വിവിധ കേരളീയ വേഷങ്ങൾ. |
| 10/11/25 | ലോക ശാസ്ത്രദിനം. | ശാസ്ത്രപുരോഗതി - വീഡിയോ പ്രദർശനം |
| 11/11/25 | ദേശീയ വിദ്യാഭ്യാസ ദിനം. | വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണം |
| 12/11/25 | SRG. | |
| 14/11/25 | ശിശുദിനം. | ശിശുദിനറാലി, ക്വിസ്. |
| 16/11/25 | ദേശീയ പത്ര ദിനം. | ഉറക്കെ വായന, പ്രസംഗം, |
| 19/11/25 | ദേശീയ പൗരാവകാശദിനം. | |
| 26/11/25 | ദേശീയ നിയമ ദിനം. | അടിസ്ഥാന നിയമങ്ങളെക്കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നൽകുന്നു |
| 27/11/25 | SRG. | |
| 30/11/25 | ലോക കമ്പ്യൂട്ടർ സുരക്ഷാദിനം. | ഓൺലൈൻ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ക്ലാസ്. |

# ഡിസംബർ

| | | |
|---|---|---|
| 1/12/25 | ലോക എയ്ഡ്സ് ദിനം. | [illegible] ബോധവൽക്കരണ ക്ലാസ് |
| 03/12/25 | ദേശീയ ഭിന്നശേഷി ദിനം. | |
| 05/12/25 | അന്താരാഷ്ട്ര മണ്ണ് ദിനം. | വിവിധതരം മണ്ണുകളെക്കുറിച്ചുള്ള പഠനം. |
| 08/12/25 | SRG. | |
| 05/12/25 | ദേശീയ മാതൃസുരക്ഷാ ദിനം. | മാതൃത്വത്തെക്കുറിച്ചുള്ള ബോധവൽക്കരണക്ലാസ്. |
| 10/12/25 | ലോകമനുഷ്യാവകാശ ദിനം. | മനുഷ്യാവകാശ ബോധവൽക്കരണ ക്ലാസ്. |
| 14/12/25 | ഊർജ്ജസംരക്ഷണ ദിനം. | ഊർജ്ജസംരക്ഷണത്തെക്കുറിച്ചുള്ള വീഡിയോ |
| 22/12/25 | ദേശീയ ഗണിതദിനം. | ~~ചാർട്ട്~~ ചാർട്ടുകൾ, പസിലുകൾ, ഗണിതപ്പാട്ടുകൾ ഉൾക്കൊള്ളുന്നു |
| 23/12/25 | ദേശീയ കർഷകദിനം. | കൃഷിയിലൂടെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസ്. |
| 24/12/25 | SRG. | |

## ജനുവരി 2026

| | | |
|---|---|---|
| 12/1/2026 | സ്വാമി വിവേകാനന്ദ ജയന്തി. | സ്വാമിവിവേകാനന്ദനെക്കുറിച്ചുള്ള വീഡിയോ - Poster making |
| 13/1/2026 | SRG. | |
| 23/1/26 | നേതാജി ദിനം. | വീഡിയോ പ്രദർശനം. |
| 24/1/26 | ദേശീയ ബാലികാ ദിനം. | പെൺകുട്ടികളുടെ സുരക്ഷയെക്കുറിച്ചുള്ള ക്ലാസ്. |
| 26/1/26 | റിപ്പബ്ലിക് ദിനം. | ക്വിസ്, പോസ്റ്റർ, |
| 28/1/26 | SRG. | |
| 30/1/26 | രക്തസാക്ഷി ദിനം | രക്തസാക്ഷികളെക്കുറിച്ചുള്ള വീഡിയോ. |

# ഫെബ്രുവരി.

| തീയതി | ദിവസത്തിന്റെ പ്രത്യേകത | സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾ. |
|---|---|---|
| 02/02/26. | ലോക തണ്ണീർത്തട ദിനം | തണ്ണീർത്തട സംരക്ഷണ വീഡിയോ |
| 04/02/26 | ലോക ക്യാൻസർ ദിനം. | ആരോഗ്യശീലങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം. |
| 07/02/26 | ഇന്റർനെറ്റ് സുരക്ഷാദിനം | ഇന്റർനെറ്റ് ഉപയോഗത്തെ കുറിച്ചുള്ള ബോധവൽക്കരണം |
| 10/02/26 | SRG. | |
| 11/02/26 | സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാദിനം. | ബോധവൽക്കരണക്ലാസ് |
| 13/02/26 | ഒ.എൻ.വി. ഓർമ്മദിനം. | ഒ.എൻ.വി. കവിതകൾ വീഡിയോ പ്രദർശനം. |
| 19/02/26 | [illegible] ദിനം. | |
| 21/02/26 | ലോക മാതൃഭാഷാദിനം. | മാതൃഭാഷയുടെ പ്രാധാന്യത്തെ കുറിച്ച് ക്ലാസ്. |
| 25/02/26 | SRG. | |
| 28/02/26 | ദേശീയ ശാസ്ത്രദിനം. | ശാസ്ത്രത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള വീഡിയോ പ്രദർശനം |

# മാർച്ച്.

| തീയതി | ദിവസത്തിന്റെ പ്രത്യേകത | സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ. |
|---|---|---|
| 03/03/26 | ലോക വന്യജീവി ദിനം | വന്യജീവി സംരക്ഷണപ്രാധാന്യത്തെക്കുറിച്ചുള്ള വീഡിയോ |
| 04/03/26 | ദേശീയ സുരക്ഷ ദിനം. | സുരക്ഷ ബോധവത്കരണ ക്ലാസ്. |
| 08/03/26 | ലോക വനിതാ ദിനം. | വനിതാദിനത്തെക്കുറിച്ചുള്ള വീഡിയോ പ്രദർശനം |
| 16/03/26<br>16/03/26 | ദേശീയ വാക്സിനേഷൻ ദിനം<br>SRG. | പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നുള്ള ബോധവത്കരണ ക്ലാസ്. |
| 21/03/26 | ലോക വന ദിനം. | വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്വിസ് |
| 22/03/26 | ലോക ജലദിനം. | ജലപ്രാധാന്യത്തെക്കുറിച്ച് ക്ലാസ്. |

## ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

- എല്ലാ വ്യാഴാഴ്ചകളിലും ഇംഗ്ലീഷ് അസംബ്ലി.
- എല്ലാ വെള്ളിയാഴ്ചകളിലും G.K. Questions.
- വ്യാഴാഴ്ച യോഗ പഠനം.
- IT പഠനം.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.
- Spoken English പ്രത്യേക പരിശീലനം.
- Zumba dance